(എ) സംസ്ഥാന സർക്കാർ ഒരു ഹെലികോപ്റ്റർ വാങ്ങുവാൻ പദ്ധതിയിട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള നടപടികൾ എവിടെവരെയായി;

(ബി) ഹെലികോപ്റ്റർ വാങ്ങുന്നത് എന്തൊക്കെ അത്യാവശ്യത്തിനു വേണ്ടിയാണ്. ഇതിന് എന്തു തുക ചെലവു വരും;

(സി) വായുസേനയിൽനിന്നും ഹെലിക്കോപ്റ്റർ വാങ്ങുവാൻ സാധിക്കുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാന ഗവൺമെന്റിന്റെ ഫയർഫോഴ്സ്, പോലീസ് തുടങ്ങിയ വകുപ്പുകളുടേയും സർക്കാരിന്റേയും പൊതുവായ ഉപയോഗത്തിന് ഒരു ഹെലികോപറ്റർ വാങ്ങുവാനുള്ള നടപടി ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ)-(ഡി) സംസ്ഥാന സർക്കാരിന് ഹെലികോപ്റ്റർ വാങ്ങാൻ പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ അഗ്നിശമന വകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ആംബുലൻസ് സൗകര്യങ്ങളോടുകൂടിയ ഹെലികോപ്റ്റർ വാങ്ങുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ആംബുലൻസ് സർവ്വീസ് നടത്തുന്നതിനും മറ്റ് രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനുംവേണ്ടിയാണ് ഹെലികോപ്റ്ററുകൾ ഉദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത നിർദ്ദേശത്തിൻമേൽ തീരുമാനമായിട്ടില്ല.

43 (1637) വയനാട് ജില്ലയിൽ ആദിവാസികൾക്കിടയിൽ പ്രവർത്തിക്കുന്ന സംഘടന

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ആദിവാസികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന എത്ര സംഘടനകളും ഏജൻസികളുമുണ്ട്;

(ബി) ഇതിൽ വിദേശസഹായത്തോടെ പ്രവർത്തിക്കുന്ന സംഘടനകളും ഏജൻസികളും ഉണ്ടോ; എങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് സർക്കാരിന് എന്തെങ്കിലും സംവിധാനമുണ്ടോ; ഉണ്ടെങ്കിൽ ഈ സ്ഥാനങ്ങളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ഡി) ആദിവാസി ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകൾക്ക് ലഭ്യമാക്കുന്ന വിദേശഫണ്ടിനെക്കുറിച്ച് സർക്കാരിന് അറിവുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ആറ്

(ബി) ഉണ്ട്. അവ താഴെ പറയുന്നവയാണ്.

1) ഹിൽഡ മാനന്തവാടി ആന്റ് സുൽത്താൻബത്തേരി

2) വയനാട് സർവ്വസേവാ മണ്ഡലം സുൽത്താൻബത്തേരി.

3) രാസ്മ കമ്പളക്കാട് കണിയാംപറ്റ

LIBRARY ARCHIVES Kerala Legislative Assembly

4) വേൾഡ് വിഷൻ മാനന്തവാടി ആന്റ് സുൽത്താൻബത്തേരി

5) ശ്രേയസ് സുൽത്താൻബത്തേരി

6) ബെഡിത സുൽത്താൻബത്തേരി.

(സി)&(ഡി) വിദേശഫണ്ട് വിനിയോഗിക്കുന്നതിനെപ്പറ്റി നിരീക്ഷിക്കുന്നത് കേന്ദ്ര സർക്കാരാണ്.

44 (1638) കേരള വാണിക വൈശ്യസംഘം സമർപ്പിച്ച നിവേദനം

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാണിക വൈശ്യസംഘം വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് സർക്കാരിന് സമർപ്പിച്ച നിവേദനത്തിന്മേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) ഈ നിവേദനത്തിലെ ഓരോ ആവശ്യങ്ങളിൽമേലും സർക്കാരിന്റെ നിലപാടെന്താണ്;

(സി) വിശ്വകർമ്മ സമുദായത്തിനുകൂടി പ്രയോജനപ്പെടുന്ന വിധത്തിൽ നിലവിലുള്ള ഉദ്യോഗസ്ഥ സംവരണ സംവിധാനത്തിൽ കാലാനുസൃതമായ മാറ്റം വരുത്തുവാൻ സർക്കാർ നടപടിയെടുക്കുമോ?

ഉത്തരം

(എ)&(ബി) നിവേദനത്തിലെ ആവശ്യങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) വിശ്വകർമ്മ സമുദായത്തിലും അതിന്റെ സമാന്തര വിഭാഗങ്ങൾക്കും ഉദ്യോഗസംവരണത്തിന് നിലവിൽ വ്യവസ്ഥയുണ്ട്. നിലവിലുള്ള സംവരണ വ്യവസ്ഥയിൽ മാറ്റം വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

45 (1639) നിർമ്മിതികേന്ദ്രത്തിന്റെ പ്രവർത്തനം

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം പുനരുദ്ധരിക്കാൻ സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദമാക്കുമോ;

(സി) ചെലവു കുറഞ്ഞ പാർപ്പിടനിർമ്മാണത്തിനും ഗവേഷണത്തിനും വേണ്ടിയുള്ള നോഡൽ ഏജൻസിയാക്കി നിർമ്മിതികേന്ദ്രത്തെ മാറ്റാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ കേന്ദ്രത്തിലെ ജീവനക്കാർക്ക് ന്യായമായ സേവന വേതന വ്യവസ്ഥകൾ നടപ്പാക്കാൻ നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly